**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3179 — 21-08-2017-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി.വി. രാജേഷ്** | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഒരു കുടുംബത്തിന് അനുവദിക്കുന്ന പരമാവധി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇപ്പോൾ അനുവദിക്കുന്ന പരമാവധി തൊഴിൽ ദിനങ്ങൾ എത്രയാണ്; വിശദാംശം നൽകുമോ; | 2016 ഒക്ടോബർ മാസത്തിൽ കേരളത്തിലെ 14 ജില്ലകളേയും വരൾച്ച ബാധിതമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഓരോ കുടുംബത്തിനും നിയമപ്രകാരം അനുവദിച്ചിട്ടുള്ള നൂറ് തൊഴിൽ ദിനങ്ങൾക്കു പുറമേ അൻപത് അധിക തൊഴിൽ ദിനങ്ങൾകൂടി അനുവദിച്ച് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ഉത്തരവായിട്ടുണ്ട്. ആയതിനാൽ 2017-18 സാമ്പത്തിക വർഷം ഓരോ കുടുംബത്തിനും അവർ ആവശ്യപ്പെടുന്നതിന് അനുസൃതമായി പരമാവധി 150 തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ